**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5130** **20-03-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന ഡിജിറ്റൽ സർവ്വേയുടെ ഭാഗമായി എന്തെല്ലാം സേവനങ്ങളും പദ്ധതികളുമാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ ഓരോ ലാന്റ് പാഴ്സലും ഡിജിറ്റലായി അളന്ന് രേഖകൾ തയ്യാറാക്കുകയും സർവെ വിവരങ്ങൾ നാളതീകരിച്ച് ഡിജിറ്റലായി സൂക്ഷിക്കുകയും ഓരോ ലാന്റ്പാഴ്സലിലും ഒരു ഡിജിറ്റൽവേലി സൃഷ്ടിക്കപ്പെടുകയും ചെയ്യുന്ന പ്രവർത്തനമാണ് ഡിജിറ്റൽ സർ വെയിലൂടെ നടത്തപ്പെടുന്നത്. ഡിജിറ്റൽ സർവെ പൂർത്തിയായി സർവെ ബൌണ്ടറീസ് ആക്ട് (സെക്ഷൻ 13) പ്രകാരം വിജ്ഞാപനം നടത്തിയ വില്ലേജുകളിൽ ഭൂമി സംബന്ധമായ സേവനങ്ങൾ ഡിജിറ്റലായി ലഭ്യമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മന്റ് സിസ്റ്റം(ILIMS) എന്ന പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടലിലൂടെ താഴെ പറയുന്ന നിരവധി സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതാണ്.<br><br>1.ഭൂമിയുടെ കൈമാറ്റത്തിനായി, ഭൂമി രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള ടെംപ്ലേറ്റ് സംവിധാനം<br><br>2.പ്രീ മ്യൂട്ടേഷൻ സ്കെച്ച്<br><br>3)ബാധ്യതാ സർട്ടിഫിക്കറ്റ്<br><br>4)ഭൂമി നികതി അടവ്.<br><br>5)ന്യായവില നിർണ്ണയം.<br><br>6)ഓട്ടോ മ്യൂട്ടേഷൻ.<br><br>7)ലൊക്കേഷൻ സ്കെച്ച്<br><br>8) ഭൂമിയുടെ തരംമാറ്റം.<br><br>ഈ സേവനങ്ങൾ ഇനി ഒറ്റ പോർട്ടൽ വഴി ലഭ്യമാകുന്നതിലൂടെ വിവിധ ഓഫീസുകൾ |

| | | | |
|---|---|---|---|
| | | | സന്ദർശിക്കാതെ തന്നെ ഭൂമി ഇടപാടുകൾ കാര്യക്ഷമമായി നടത്താൻ കഴിയും. സേവന ലഭ്യതയുള്ള സുതാര്യതയും സുരക്ഷയും ഉറപ്പാക്കുന്നതോടൊപ്പം ഭൂരേഖകൾക്ക് ആധുനിക സാങ്കേതിക വിദ്യകളുടെ പൂർണ്ണ സംരക്ഷണം ലഭിക്കും |
| (ബി) | കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം വില്ലേജുകളിലാണ് ഡിജിറ്റൽ സർവ്വേ നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കുന്നത്തുനാട് മണ്ഡലത്തിലെ മാറമ്പിള്ളി വില്ലേജിനെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും, പുത്തൻകുരിശ്, ഐക്കരനാട് സൗത്ത്എന്നീ വില്ലേജുകളെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തി ഡിജിറ്റൽ സർവെ നടന്നു വരുന്നു. |
| (സി) | ഇതിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായി എന്നും പൂർത്തിയാകാത്ത വില്ലേജുകളിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ; | (സി) | മാറമ്പിള്ളി വില്ലേജിൽ 9(2) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയട്ടുണ്ട്. പുത്തൻകരിശ് 13.1% വും, ഐക്കരനാട് സൗത്ത് 23.9% വും ഫീൽഡ് ജോലികൾ പൂർത്തിയായിട്ടുണ്ട്. മണ്ഡലത്തിലെ മറ്റ് വില്ലേജുകളെ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി 4 വർഷം കൊണ്ട് സർവേ പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത് |
| (ഡി) | കുന്നത്തുനാട് മണ്ഡലത്തിലെ ഡിജിറ്റൽ സർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | കേരളത്തിൽ ആധുനിക സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഉപയോഗിച്ച് 1550 വില്ലേജുകൾ ഡിജിറ്റലായി അളന്ന് പൂർണ്ണമായും ഡിജിറ്റൽ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള ഡിജിറ്റൽ സർവെ പദ്ധതി 4 വർഷം കൊണ്ട് പൂർത്തിയാക്കുവാനാണ്സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായ കുന്നത്തുനാട് മണ്ഡലത്തിലെ വില്ലേജുകൾ ഉൾപ്പെടെയുള്ള വില്ലേജുകൾ തുടർഘട്ടങ്ങളിൽ ഉൾപ്പെടുത്തി നിശ്ചിത സമയപരിധിക്കുള്ളിൽ സർവെ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ